**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1616** **19-09-2025 - ൽ മറുപടിയ്ക്ക്**

**മീനച്ചിലാറിന് കുറുകെ നിർമ്മിച്ച ചെക്ക് ഡാം കം ബ്രിഡ്ജിന് സ്ഥലം ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | 2012 ൽ പാലാ മണ്ഡലത്തിലെ മീനച്ചിലാറിനു കുറുകെ മൈനർ ഇറിഗേഷൻ വകുപ്പ് നിർമ്മിച്ച ചെക്ക് ഡാം കം ബ്രിഡ്ജ് , പാലാ മുനിസിപ്പാലിറ്റിയിലെ ചെത്തിമറ്റത്തു നിന്നും ആരംഭിച്ച് മീനച്ചിൽ പഞ്ചായത്തിലെ പാറപ്പള്ളി പ്രദേശത്തെയും ബന്ധിപ്പിക്കുന്ന വിധത്തിൽ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കോട്ടയം ജില്ലയിൽ മീനച്ചൽ താലൂക്കിൽ പൂവരണി വില്ലേജിൽ ഉൾപ്പെട്ട 32.919 ആർസ് സ്ഥലം കളരിയാമ്മാകൾ പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പഠനം നടത്തുന്നതിന് രാജഗിരി ഔട്ട്റീച്ച് സർവീസ് സൊസൈറ്റി, രാജഗിരി പി.ഒ., കളമശ്ശേരി എന്ന ഏജൻസിയെ ചുമതലപ്പെടുത്തി 4(1) വിജ്ഞാപനം 24/04/2025-ലെ 1569-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. പാരിസ്ഥികാഘാത പഠന റിപ്പോർട്ട് 09/09/2025-ൽ ലഭിച്ചിട്ടുണ്ട്. |
| (ബി) | ടി അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ? വിശദമാക്കാമോ ?നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം? | (ബി) | 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. നിയമത്തിലെ നടപടിക്രമങ്ങൾ പാലിച്ച് സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തീകരിച്ച് സ്ഥലം അർത്ഥനാധികാരിയ്ക്ക് കൈമാറുന്നതാണ്. |

സെക്ഷൻ ഓഫീസർ